

# അതിജീവനം

ഡിജിറ്റൽ മാഗസിൻ

കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ ആൻഡ് ഹയർ സെക്കന്ററി സ്കൂൾ

## സ്റ്റുഡന്റ് എഡിറ്റർ

കദീജ റഫീഖ്

## എഡിറ്റോറിയൽ ബോർഡ്

മിൻഹ. ഐ. പി

ഖദീജ ഷിറിൻ

സാറ. പി. എസ്. എം.

റഷ അബ്ദുൽ ഗഫൂർ

നസ്ഹ മെസ്വിൻ

ആയിഷ ലംഹ

വാസില

## സ്റ്റാഫ് അംഗങ്ങൾ

സൈനബ. എം. കെ

ശബാന. എസ്. വി.

ജിൻഷ. കെ. പി

ഫെമി. കെ

കമറുന്നിസ. കെ. വി.

ഹസ്ന. സി. കെ

# സമർപ്പണം

**കോവിഡ് എന്ന മഹാമാരിക്കുശേഷം**
**വിദ്യാലയത്തിന്റെ**
**പടിവാതിൽക്കലേക്ക് പ്രതീക്ഷയോടെ**
**വന്ന ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ട**
**കൂട്ടുകാർക്കുമായി സമർപ്പിക്കുന്നു.....**



# ആശംസ



പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളമൊട്ടാകെ വിപ്ളവം നടക്കുന്ന വിദ്യാഭ്യാസ കാലഘട്ടമാണല്ലോ ഇത് .ശാസ്ത്രസാങ്കേതിക സഹായത്തോടെ നൂതനവും കാലികവുമായ പഠനരീതികളാണ് നമ്മുടെ ക്ലാസ് മുറികളെ സജീവമാക്കുന്നത്. അതിവേഗം വളരുന്ന ആധുനിക ലോകത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ നമ്മുടെ കുട്ടികളെയും പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ്സ് ഇതിനോടകം തന്നെ ഏവരുടെയും പ്രശംസ പിടിച്ചു പറ്റിക്കഴിഞ്ഞു.പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വിദ്യാലത്തിലെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ തയാറാക്കുന്ന അതിജീവനം എന്ന ഈ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. നാടിനും വീടിനും അഭിമാനിക്കത്തക്കവിധത്തിൽ ഈ ഐ റ്റി കൂട്ടായ്മയിലൂടെ നമ്മുടെ കുട്ടികൾ വളർന്നു വരട്ടെ...

**സൈനബ എം. കെ**

ഹെഡ്മിസ്ട്രസ്

# ആശംസ



ലിറ്റിൽ കൈറ്റ്സിന്റെ പ്രയത്നഫലമായി തയ്യാറാക്കിയ അതിജീവനം എന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗ ഭാവനയുടെ വാതായനങ്ങൾ തുറക്കുന്ന കലാസൃഷ്ടിയാണ്. ഓരോ കുട്ടിയിലെയും പ്രതിഭയാണ് ഈ മാഗസിനിലെ ഇതളുകളിലൂടെ വെളിവാകുന്നത്.ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അതിജീവനത്തിന് എല്ലാവിധ ആശംസകളും നേരുന്നു...

**അബ്ദു. എം.**
പ്രിൻസിപ്പാൾ

# ആശംസ




ലിറ്റിൽ കൈ ടീം പുറത്തിറക്കുന്ന അതിജീവനം എന്ന ഈ മാഗസിന് എല്ലാ വിജയാശംസകളും നേരുന്നു....

**ശ്രീദേവി.പി.എം**
വി.എച്ച്.എസ്.ഇ പ്രിൻസിപ്പാൾ

# പ്രണാമം



# LITTLE KITES UNIT
# 2020-2023



# കൊറോണക്കാലത്തേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം!

**HANEENA FATHIMA**
**9.D**



2020 ഒരു സംഭവബഹുലമായ വർഷമായിരുന്നു.ആ വർഷം ഏതൊരാൾക്കും മറ്റ് വർഷങ്ങളിൽ നിന്നും ഏറ്റവും വ്യത്യസ്തമായ ഒന്നായിരിക്കുമെന്ന കാര്യം ആരോടു ചോദിച്ചാലും പറഞ്ഞു തരും. കാരണം കഴിഞ്ഞ കുറച്ച് മാസങ്ങളായി കൊറോണ വൈറസ് രോഗവ്യാപനം നമ്മുടെയെല്ലാം ജീവിതത്തെ പൂർണ്ണമായും പിടിച്ചുകുലുക്കി തകിടം മറിച്ചുവെന്ന് പറയാം. ആളുകളെ വീടിനുള്ളിൽ തന്നെ പിടിച്ചിരുത്തിയ ലോക്ക്ഡൗൺ ദിനങ്ങളും ഹോം ക്വാറൻ്റൈൻ ദിനങ്ങളും ഒക്കെ ഈ വർഷത്തെ മറക്കാനാവാത്ത ഓർമ്മകളാണ്.

ഒന്ന് ചിന്തിച്ചാൽ നമ്മുടെയെല്ലാം ജീവിതശൈലിയിൽ പോലും ഒരുപാട് വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ഒരു വർഷം കൂടിയായിരുന്നു ഇത്. മാറ്റം വന്ന ജീവിതശൈലിയോട് കൂടുതൽ ആളുകളുമിന്ന് പൊരുത്തപ്പെടാൻ തുടങ്ങിക്കഴിഞ്ഞു.

നിങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും കൊറോണ വൈറസിൻ്റെ കടന്നുവരവോടെ ഈയൊരു വർഷത്തിൽ നമ്മുടെയെല്ലാം ദൈനംദിന ജീവിതചര്യകളിൽ വലിയ

രീതിയിലുള്ള മാറ്റങ്ങൾ വന്നു ചേർന്നിട്ടുണ്ട്. ഇതിൽ ചിലതിനെ നല്ലതായി കണക്കാനാവുമ്പോൾ മറ്റുചിലത് നമുക്കത്ര ഇഷ്ടപ്പെടുന്നതാവുന്നില്ല. വിനോദങ്ങളും സന്തോഷങ്ങളും ഒക്കെ അല്പം കുറഞ്ഞെങ്കിലും കുറച്ച് നല്ല കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. 2020 എന്ന കൊറോണ വർഷക്കാലം നമ്മുടെയെല്ലാം ദൈനംദിന ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചുവെന്ന് നോക്കാം.

പണ്ടൊക്കെ ഒന്നും മിണ്ടാതെ ഹോസ്പിറ്റലുകൾക്കുള്ളിൽ മാത്രം ഒതുങ്ങിക്കൂടി ജീവിച്ചിരുന്ന ഒരാളുണ്ട്. ആരുമാരും ശ്രദ്ധിക്കാതെ ആവശ്യമുള്ളപ്പോൾ മാത്രം രോഗികളോ ഡോക്ടർമാരോ ഉപയോഗിച്ചിരുന്ന ഒരാൾ. വീടുവിട്ട് പുറത്തേക്കിറങ്ങിയ അയാളിന്ന് എല്ലാവരുടേയും സന്തതസഹചാരിയാണ്, സംരക്ഷകനാണ്. വേറൊരുടേയും കാര്യമല്ല, മാസ്കിൻ്റെ കാര്യമാണ് പറഞ്ഞു വരുന്നത്. മുൻപൊന്നും നമ്മളത്ര ശ്രദ്ധിക്കാതെയിരുന്ന മാസ്ക് ആണ് ഈ മഹാമാരിയുടെ കാലത്തെ നമ്മുടെ നായകൻ. ഒന്ന് പുറത്തിറങ്ങണമെങ്കിൽ പോലും ഇപ്പോൾ മാസ്ക് നിർബന്ധമാണ്. ആദ്യമൊക്കെ ഇതല്പം വിചിത്രമായി തോന്നിയിരുന്നെങ്കിലും ഇന്നത് എല്ലാവരുടെയും ദൈനംദിന ജീവിതത്തിൻ്റെ ഭാഗമായി മാറി കഴിഞ്ഞു. ഡിമാൻഡ് വർദ്ധിച്ചതോടെ മാസ്കുകൾ ഇപ്പോഴൊരും ഫാഷൻ്റെ ഭാഗം പോലുമായി മാറി കഴിഞ്ഞു. പല നിറത്തിലുള്ളതും വസ്ത്രങ്ങൾക്ക് അനുയോജ്യമായതുമൊക്കെയായ മാസ്കുകൾ ആളുകൾ ഇന്ന് തിരഞ്ഞു പോകുന്നുണ്ട്.



മുൻപൊക്കെ ഒന്നല്ലെങ്കിൽ മറ്റൊരു രീതിയിൽ നമ്മളെല്ലാവരും ദിവസവും ആളുകളുമായി തമ്മിൽ കാണുമ്പോൾ അഭിവാദ്യം ചെയ്യുകയും അടുത്ത് ഇടപഴകുകയും ഒക്കെ ചെയ്യാറുണ്ടായിരുന്നു. കൊറോണയ്ക്ക് മുൻപുള്ള ദിവസങ്ങളിൽ ഹാൻഡ്ഷെയ്ക്കുകൾ, ഹൈ ഫൈവ്സ്, ആലിംഗനങ്ങൾ ആശംസകൾ എന്നിവയുടെ രൂപത്തിലായിരുന്നു ഇവയെങ്കിൽ ഇന്ന് അതൊന്നുല്ല. വ്യക്തിപരമോ തൊഴിൽപരമോ ഏതായാലും തമ്മിൽ സാമൂഹിക അകലം പാലിച്ചുകൊണ്ട് മാത്രമാണ് ഇന്നത്തെ അഭിവാദ്യങ്ങൾ എല്ലാം. കൊറോണ വൈറസ് വ്യാപനത്തിൻ്റെ ദിനങ്ങൾ വന്നെത്തിയതോടെ

ആളുകൾ വാക്കാലുള്ള അഭിവാദ്യങ്ങളിലേകക്കും പരമ്പരാഗതമായ നമസ്തേ പറച്ചിലുകളിലേക്ക് ഒക്കെ മാറുകയും, ശാരീരികമായി ബന്ധപ്പെടാത്ത രീതിയിൽ ആളുകളെ അഭിവാദ്യം ചെയ്യുന്നതിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

പണ്ടൊക്കെ റോഡിലിറങ്ങി എവിടെ നോക്കിയാലും നമുക്ക് തിങ്ങിനിറഞ്ഞ വലിയൊരു ജനക്കൂട്ടത്തെ കാണാമായിരുന്നു. തെരുവുകൾ എല്ലായ്പ്പോഴും തിരക്കു നിറഞ്ഞതാരുന്നു. ഏത് സ്ഥലവും എല്ലായ്പ്പോഴും ആളുകളാൽ നിറഞ്ഞിരുന്നു. തിരക്കേറിയ സമയങ്ങളിൽ, തിരക്കുപിടിച്ച് നടപ്പാതകളിലൂടെ നടക്കുന്നത് എല്ലായ്പ്പോഴും ഒരു പ്രശ്നമായിരുന്നു. അതൊക്കെ ഇന്ന് പൂർണ്ണമായും മാറി. ലോക്ക്ഡൗൺ സമയങ്ങളിൽ ഈ ലോകത്തെ ഏറ്റവും തിരക്കേറിയ തെരുവുകൾ പോലും ശൂന്യമായത് നമ്മൾ കണ്ടതാണ്.

മുൻപത്തെ തിരക്കു പിടിച്ച ജീവിതത്തിനിടയിൽ നമ്മുടെ ഭക്ഷണശീലവും അല്പം കടുപ്പമേറിയതായയിരുന്നു. ഓർഡർ ചെയ്ത പിസയും, റസ്റ്റോറന്റിലെ ഇഷ്ട ഭക്ഷണങ്ങളുമൊക്കെ ആയിരിക്കും നിങ്ങളുടെ രുചിമുകുളങ്ങൾക്ക് ആനന്ദം പകരുക. എന്നാൽ ഈ ദിനങ്ങളിൽ എല്ലാവരും വീടുകൾ തന്നെ ഒരു റെസ്റ്റോറന്റായും കഫേയായുമാക്കി മാറ്റി. ഇറ്റാലിയൻ ഡാൽഗോണ കോഫി മുതൽ പിസ്സ, പാസ്ത, ഐസ്ക്രീം, തുടങ്ങി ഈ ലോകത്ത് എന്തെല്ലാം വിഭവങ്ങളുണ്ടോ അതെല്ലാം എല്ലാവരും വീട്ടിൽ തന്നെ പരീക്ഷണം ആരംഭിച്ചു. പാചകക്കാരും വിളമ്പുന്നവനും ഉപഭോക്താക്കളുമൊക്കെ ഞാൻ തന്നെയാണേ എന്ന മട്ടിൽ ! വീട്ടിൽ തന്നെ പാചകം ചെയ്തെടുക്കുന്നതിനാൽ ആളുകൾ പതിവായി പുറത്തുപോയി ഭക്ഷണം കഴിക്കാൻ ചെലവഴിക്കുന്ന പണവും ലാഭമായി തുടങ്ങി.

കഴിയാറായ ഈ ഒരു വർഷത്തിൽ കൊറോണ വൈറസ് എന്ന മഹാമാരി നമ്മുടെയെല്ലാം ജീവിതത്തിൽ ചെറുതെങ്കിലും വലിയ ചില മാറ്റങ്ങൾ വാരിവിതറിയിട്ടുണ്ട്. ഇതിനനുസൃതമായി ചെറിയ ചില ശുചിത്വ മാറ്റങ്ങൾ മുതൽ വലിയ സാമ്പത്തിക മാറ്റങ്ങൾ വരെ ഇപ്പോൾ നമ്മുടെയെല്ലാം ജീവിതശൈലിയിൽ പ്രകടമാകുന്നുമുണ്ട്. ഇതിൽ ചിലതെല്ലാം നല്ലതിനെന്നും, മറ്റു ചിലത് നല്ലതിനല്ലെന്നും തിരിച്ചറിയാം. അതോടൊപ്പം നല്ല മാറ്റങ്ങളോട് പൊരുത്തപ്പെട്ടു കൊണ്ട് വരാനിരിക്കുന്ന വർഷത്തെ പ്രതീക്ഷയോടെ വരവേൽക്കാം.

# അറബിക്കടലിന്റെ റാണിയെ കാണാൻ...




വിനോദയാത്രകൾ എപ്പോഴും ആഹ്ലാദിപ്പിക്കുന്നവയാണ്.മഞ്ഞിന്റെ മുഖാവരണമണിഞ്ഞ പ്രകൃതിയിലൂടെ അതിവേഗം ഞങ്ങളുടെ വണ്ടി മുന്നോട്ട് നീങ്ങി. റോഡിൽ വാഹനങ്ങൾ കുറവായിരുന്നു. മനസ്സുനിറയെ എറണാകുളത്തെ കാഴ്ചകൾ ആയിരുന്നു.

കോഴിക്കോടും മലപ്പുറവും പിന്നിട്ട യാത്ര തുടർന്നു. റോഡിൽ ഇടയ്ക്കിടെ ആനകളെ കണ്ടു തുടങ്ങിയപ്പോഴാണ് പൂരങ്ങളുടെ നാടായ തൃശ്ശൂർ എത്തിയെന്ന് മനസ്സിലായത്. കേരളത്തിലെ ആദ്യത്തെ മുസ്ലിം പള്ളിയായ ചേരമാൻ പെരുമാൾ പള്ളിയും കാണാൻ കഴിഞ്ഞു. വെയിലിന് ചൂട് കൂടി തുടങ്ങി അതോടൊപ്പം തന്നെ തിരക്കും. കൂറ്റൻ പരസ്യബോടുകളും ബഹുനില കെട്ടിടങ്ങളും എന്റെ ശ്രദ്ധ പിടിച്ചുപറ്റി. ഞങ്ങൾ ഇപ്പോൾ എറണാകുളം ടൗണിലാണ്.

അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി കേരളത്തിലെ പ്രധാന വ്യാവസായ വാണിജ്യ കേന്ദ്രമാണ്. കൊച്ചിൻ ഷിപ്പിയാർഡ്, എഫ്.എ.സി. ടി, കൊച്ചിൻ റിഫൈനറി തുടങ്ങിയ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ ഇവിടെയാണ്.

ആദ്യം ഞങ്ങളുടെ യാത്ര ചരിത്രപ്രസിദ്ധമായ മട്ടാഞ്ചേരിയിലേക്ക് ആയിരുന്നു.1568 ൽ നിർമ്മിക്കപ്പെട്ട ജൂതപ്പള്ളി (സിനഗോഗ്) എന്റെ പ്രധാന ആകർഷണമായിരുന്നു. കേരളത്തിന്റെ പൗരാണികതയും, സുഗന്ധവ്യഞ്ജനങ്ങൾ വിൽപ്പനക്ക് വെച്ച ഇടുങ്ങിയ തെരുവുകൾ ഇവിടുത്തെ പ്രത്യേകതയാണ്. ധാരാളം വിദേശ ടൂറിസ്റ്റുകളെ ഇവിടെ കാണാം.

ഉച്ച ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ മറൈൻഡ്രൈവിൽ എത്തി.കായലിന്റെ നിന്നുള്ള തണുത്ത കാറ്റ് നഗരചൂടിന് നല്ലൊരു ആശ്വാസമായി. ബോൾഗാട്ടി ദ്വീപായിരുന്നു ഞങ്ങളുടെ അടുത്ത


ലക്ഷ്യം.1744 ഡച്ചുകാർ പണിത കൊട്ടാരം ഇവിടെയാണുള്ളത്. ഇന്നത് കെടിഡിസിയുടെ പഞ്ച നക്ഷത്ര ഹോട്ടലാണ്. പൊതുജനങ്ങൾക്ക് പ്രവേശനം ഇല്ലാത്തതുകൊണ്ട് കൊട്ടാരം പുറത്തുനിന്ന് കാണാനേ കഴിഞ്ഞുള്ളൂ. പാലസിന്റെ വേലി കെട്ടുകൾക്ക് പുറത്ത് ചെറിയൊരു പാർക്കും വിശ്രമ കേന്ദ്രവും ഉണ്ട്.

പിന്നീട് ഞങ്ങൾ തുറമുഖം കാണാനായി പുറപ്പെട്ടു. നിർഭാഗ്യമെന്ന് പറയട്ടെ അന്ന് കപ്പലുകൾ ഇല്ലാത്തതിനാൽ ട്രെയിനുകളും വിശ്രമത്തിൽ ആയിരുന്നു. അവിടെയുള്ള പഴയ ഗോഡൗണുകളിൽ നിന്ന് ലോറിയിൽ ചരക്കുകൾ കേറ്റുന്നുണ്ടായിരുന്നു. കായലിൽ കുറേ ദൂരെയായി രണ്ടു വലിയ കപ്പലുകൾ കാണാമായിരുന്നു. അതിൽനിന്ന് കൊച്ചിൻ റിഫൈനറിയിലേക്ക് ക്രൂഡോയിൽ പമ്പ് ചെയ്യുകയാണെന്ന് ടഗ്ഗിലെ ജീവനക്കാർ പറഞ്ഞു.അവിടെ നിന്നും ഞങ്ങൾ ലക്ഷദ്വീപിലേക്ക് കപ്പൽ പുറപ്പെടുന്ന തുറമുഖം കാണാൻ പോയി. വെല്ലിങ്ടൺ ദ്വീപിലെ കൊച്ചി നേവൽ ബേസ് ഈ തുറമുഖത്തേക്ക് പോകുമ്പോൾ കാണാം. തുറമുഖത്ത് പിറ്റേദിവസം പുറപ്പെടാനുള്ള ഭാരത് സീമ എന്ന കപ്പൽ ഉണ്ടായിരുന്നു. അതിലെ ജീവനക്കാരുടെ അനുവാദം വാങ്ങി ആ കപ്പലിൽ കയറുവാൻ സാധിച്ചത് ഒരു ഭാഗ്യമായി. പോർച്ചുഗലിൽ നിന്നും വാങ്ങിയ ഒരു പഴയ കപ്പൽ ആണിത്.ഒരു കോണി ഇറങ്ങിയാൽ ഫസ്റ്റ് ക്ലാസ് റൂമുകളാണ്. പിന്നെയും കോണി ഇറങ്ങിയാൽ ജനറൽ ക്ലാസുകൾ. സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെ വേറെയാണിത്. മരത്തിന്റെ ചാരുകസേരകളും പഴയ ഫാനുകളും ഉള്ളത് ഈ ഹാളിന് ഒരു പഴമയുടെ ചാരുത കൊടുക്കുന്നുണ്ട്.പിന്നീട് ഞങ്ങൾ ഡക്കിൽ തന്നെ തിരിച്ചെത്തി. അവിടെയാണ് ഭക്ഷണം മുറി.കൂറ്റൻ നങ്കൂരങ്ങളും വടങ്ങളും കാണാമായിരുന്നു. ഒരു നങ്കൂരത്തിന് 23 ടൺ ഭാരമുണ്ടത്രേ... കായലിന്റെ സൗന്ദര്യം ആസ്വദിച്ച് കൊണ്ടിരിക്കെ പടിഞ്ഞാറ് സൂര്യൻ മാഞ്ഞു തുടങ്ങിയിരുന്നു.

മഹാനഗരത്തോട് വിടപറഞ്ഞു ഞങ്ങൾ യാത്ര തുടർന്നു. റോഡിൽ തിരക്ക് കുറഞ്ഞു വന്നു തുടങ്ങി. കണ്ടെയ്നർ ലോറികൾ നഗരത്തിലേക്ക് കുതിച്ചു പോകുന്നത് കാണാമായിരുന്നു. അർദ്ധരാത്രി വീടെത്തുമ്പോഴേക്കും എല്ലാവരും പാതി മയക്കത്തിലായിരുന്നു...



**Faiha Fathima**
**6 E**




# പുലരി

മഞ്ഞു കണങ്ങളെ കീറിമുറിച്ചാ-
പകലോൻ കിഴക്കുദിക്കുന്നേ...
ഉദിച്ചുയരും സൂര്യനെ നോക്കിയാ..
മലരുകൾ പുഞ്ചിരി തൂകുന്നേ..
തേൻ തുളുമ്പും ഗീതവുമായി
പക്ഷികൾ പാട്ടുകൾ പാടുന്നേ....
മർമ്മരങ്ങൾ പൊളിച്ചുകൊണ്ട്
ചില്ലകൾ തെന്നലിലാടുന്നേ...

**Shaya Riyas**
**6 G**

# VIRUS

**Khadeeja Shirin**
**10.G**



ഒരു ജനതയെ മുഴുവനും ഭീതിയിലാഴ്ത്തിയ പനി. ഡെങ്കുവും, ചിക്കൻ ഗുനിയയും മാത്രം കേട്ട് പരിചയിച്ച മലയാളിക്ക് നിപ എന്നത് സങ്കൽപ്പത്തിനും അപ്പുറത്തായിരുന്നു. അപ്പോഴാണ് പല ജീവനുകൾ കാർന്നു തിന്ന വിപത്ത് രണ്ടു പേരെ ഒഴികെ മറ്റുള്ളവരെ അവരുടെ ഉറ്റവരിലും ഉടയവരിലും നിന്നും പറിച്ചെടുത്ത് സംഹാര താണ്ഡവം ആടിയത്. നിപ തിരികെ എന്ന വാർത്തക്ക് പിന്നാലെയാണ് കേവലം ദിവസങ്ങളുടെ മാത്രം വ്യത്യാസത്തിൽ ആഷിഖ് അബു ചിത്രം വൈറസ് പ്രേക്ഷകമുന്നിൽ എത്തുന്നത്. പഴയ നിപയോളം തീവ്രതയില്ല എന്ന വാർത്ത ആശ്വാസകരം എന്ന് മാത്രം പറയാം.


ഒന്ന് ശ്വാസം പോലും എടുക്കാൻ കഴിയാത്ത തിരക്കിൽ പണിയെടുക്കുന്ന സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ജീവിതം പകർന്നു തുടങ്ങുന്ന ക്യാമറ പതിയെ ആ വൈറസ് കാലം ഓർമ്മിപ്പിക്കുകയാണ്. കഥ എന്നതിലുപരി മനുഷ്യ ജീവിതത്തിന്റെ നേർരേഖ എന്ന് ഈ ചിത്രത്തെ വിശേഷിപ്പിക്കുന്നതാവും ഉചിതം. നമ്മൾ കണ്ടു, കേട്ട്, പരിചയിച്ച, ഭയപ്പെട്ട ആ നാളുകൾ തന്നെയാണ് ഇതിൽ. ഒപ്പം നൊമ്പരപ്പെടുത്തിയും, പടവെട്ടിയും കടന്നു പോയ മുഖങ്ങളും.

കോഴിക്കോട്ടെ ചെറു പട്ടണമായ പേരാമ്പ്ര നിപയുടെ വരവോടെ പല ശ്രദ്ധാ കേന്ദ്രങ്ങളെയും ആകർഷിക്കുന്നു. പനി ബാധിച്ചവരെയും അവരുടെ കുടുംബങ്ങളെയും മാത്രമല്ല, ഒരു സംസ്ഥാനത്തെയും, അതിന്റെ ഭരണ സിരാകേന്ദ്രങ്ങളെയും, ഭരണ വ്യവസ്ഥയെയും, ആരോഗ്യ

ഘടനയെയും മുൾമുനയിൽ നിർത്തിയ അവസ്ഥായാണ് 2018 ൽ കടന്നു പോയത്. വാക്സിനേഷനോ, ചികിത്സ പ്രോട്ടോക്കോളോ ഇല്ലാത്ത, എന്നാൽ ജനങ്ങളുടെ ജീവൻ കൊണ്ട് കളിക്കാൻ പറ്റാത്ത ആ അവസ്ഥയെ എങ്ങനെ ഒത്തൊരുമയോടെ നേരിട്ടു എന്നതാണ് വൈറസ് പറയുന്നത്. നിപ ബാധിതർ ക്വാറന്റൈൻ ചെയ്യപ്പെടുമ്പോൾ അതിന്റെ പ്രകമ്പനം അനുഭവിക്കുന്ന അവരുടെ പ്രിയപ്പെട്ടവരെയും ചിത്രം മറക്കുന്നില്ല.

വൻ താര സാന്നിധ്യം ആദ്യം മുതൽ തന്നെ ഈ ആഷിഖ് അബു ചിത്രത്തെ ശ്രദ്ധേയമാക്കിയിരുന്നു. അത് കൊണ്ട് തന്നെ ഇതിലെ ഓരോ താരത്തിനും അനുയോജ്യമാം വണ്ണം തിരക്കഥ ഒരുക്കിയ മുഹ്സിൻ പരാരിയെ അനുമോദിക്കാതെ വയ്യ. ആരാണ് മികച്ചത്, ആരുടെ കഥാപാത്രമാണ് മുഖ്യം എന്നീ ചോദ്യങ്ങൾ അപ്രസക്തം. നേഴ്സ് ലിനി (റിമ കല്ലിങ്കൽ), ആരോഗ്യ മന്ത്രി (രേവതി), ജില്ലാ കളക്ടർ (ടൊവിനോ തോമസ്), വൈറോളജി വിദഗ്ധൻ (കുഞ്ചാക്കോ ബോബൻ), ഹെൽത്ത് ഓഫീസർ (ഇന്ദ്രജിത്), ആരോഗ്യ വിഭാഗം ഡയറക്ടർ (പൂർണ്ണിമ ഇന്ദ്രജിത്), വിവര ശേഖരണ വിദഗ്ധ (പാർവതി), ശുചിത്വ വിഭാഗം ചുമതലയുള്ള ആൾ (ജോജു ജോർജ്), ഡോക്ടർ (ശ്രീനാഥ് ഭാസി), നിപ ബാധിതർ (സൗബിൻ ഷാഹിർ, മഡോണ, ആസിഫ് അലി) എന്നിങ്ങനെ പ്രമുഖ താരങ്ങൾ ഒക്കെയും തങ്ങൾക്ക് ഏൽപ്പിച്ച ജോലി വലുപ്പച്ചെറുപ്പമില്ലാതെ കൃത്യമായി ചെയ്തു എന്നത് ചിത്രത്തിനെ മികവുറ്റതാക്കുന്നു.

എന്നാൽ നിപയുടെ ഉറവിടം എവിടെ എന്ന ചോദ്യം 'വൈറസിനും' കണ്ടെത്താൻ കഴിയില്ല. ഭീകരവാദത്തിന്റെ ആയുധം, മരുന്ന് നിർമ്മാണ മാഫിയയുടെ ചെയ്തി എന്നിവയെ വെറും ഊഹാപോഹങ്ങൾ മാത്രമായി ചിത്രീകരിക്കപ്പെടുമ്പോൾ യഥാർത്ഥ ഉറവിടമായി ഉറപ്പിച്ചു പറയാതെ കാണിക്കുന്നത് വവ്വാലിനെയാണ്. ഈ ചിത്രത്തിന്റെ രണ്ടു മണിക്കൂർ 32 മിനിറ്റിൽ ഒരുപക്ഷെ പ്രേക്ഷകനും ആകാംഷാഭരിതരാവും, ദുഖിതരാവും, വേദനിക്കും, ഒടുവിൽ ഒത്തൊരുമയോടെ ഒരു മഹാമാരിയെ കീഴടക്കുമ്പോൾ സന്തോഷിക്കും, കയ്യടിക്കും.



# ബീർബലിന്റെ നന്ദി

ആലിയ

**8C**



അക്ബർ ചക്രവർത്തിയുടെ കൊട്ടാര വിദൂഷകനായി ബീർബൽ തുടരുന്ന സമയം. ഒരു ദിവസം, സുഹൃത്തിനൊപ്പം കുറച്ച് അകലെയുള്ള സ്ഥലത്തു കൂടി പോകുമ്പോൾ തോട് മുറിച്ചു കടക്കണമായിരുന്നു.

ദുർബലമായ തടിപ്പാലത്തിന് വീതി ഒട്ടും ഇല്ലെന്നു മാത്രമല്ല, രണ്ടു പേർ ഒന്നിച്ചു കയറിയാൽ ചിലപ്പോൾ ഒടിഞ്ഞു വീണെന്നും വരാം. ആദ്യം, ബീർബൽ പാലത്തിലൂടെ അപ്പുറം കടന്നു. പക്ഷേ, രണ്ടാമൻ കാൽ വഴുതി ആഴമുള്ള തോട്ടിലെ വെള്ളത്തിലേക്കു വീണു!

ഉടൻ, ബീർബൽ കൈ നീട്ടി സുഹൃത്ത് നീന്തി വന്നപ്പോൾ തന്നെ അവന്റെ കയ്യിൽ പിടിച്ചു. പെട്ടെന്ന്, അയാൾ ആവേശത്തിൽ വിളിച്ചു കൂവി -"ബീർബൽ, താങ്കൾക്ക് 50 സ്വർണ്ണ നാണയം സമ്മാനമായി തരും"

ഉടൻ, ബീർബൽ അത്ഭുതത്തോടെ കൈകൾ കൂപ്പി. അന്നേരം, അയാൾ വീണ്ടും വെള്ളത്തിലേക്കു വീണു!

ഒഴുക്കിൽപ്പെട്ട് സുഹൃത്ത് മുന്നോട്ടു നീങ്ങിയ ശേഷം വിഷമിച്ച് കരയിൽ കയറിപ്പറ്റി. ബീർബലിന്റെ അടുത്തു വന്ന് ദേഷ്യപ്പെട്ടു - "നീ എന്തു പണിയാണ് കാണിച്ചത്? വലിച്ചു കയറ്റുന്നതിനു പകരം കൈവിട്ടത്?"

ബീർബൽ പറഞ്ഞു - "നീ വാഗ്ദാനം ചെയ്ത സ്വർണനാണയങ്ങൾ മൂലം ഉണ്ടായ ആവേശത്തിൽ കൈകൂപ്പി പോയതാണ്"

സുഹൃത്ത് - "എങ്കിൽ, നന്ദിപ്രകടനം ഞാൻ കരയിൽ വന്നിട്ട് മതിയായിരുന്നല്ലോ"

ബീർബൽ തുടർന്നു - "എനിക്കും അതു തന്നെയാണ് നിന്നോടും പറയാനുള്ളത്- നിന്റെ ആവേശത്തിലുള്ള വാഗ്ദാനം കരയിൽ വന്നിട്ട് മതിയായിരുന്നു!"

# നമ്പൂതിരി ഫലിതങ്ങൾ

ജഡ്ജ് :നാളെ രാവിലെ ഏഴു മണിക്ക് നിന്നെ തൂക്കി കൊല്ലാൻ വിധിക്കുന്നു..

നമ്പൂതിരി: ഹ ഹ ഹാ ഹാ !!!!!

ജഡ്ജ് :എന്താ ചിരിക്കുന്നത് ?

നമ്പൂതിരി : ഞാൻ എഴുന്നേൽക്കുന്നതു തന്നെ 9 മണിക്കാ.





നമ്പൂതിരി: ഒരു മൊബൈൽ ഫോൺ വേണം

കടക്കാരൻ: ഇത് നല്ല ഫോണാണ്. ആൻഡ്രോയ്ഡ് 8 ആണ് ഒ.എസ്.

നമ്പൂതിരി: അത് പറ്റില്ല. ഇത് ഭാര്യക്ക് കൊടുക്കാനാ. ആൺഡ്രോയ്ഡല്ല. പെൺഡ്രോയ്ഡാ വേണ്ടത്.




# മനസ്സറിയും യന്ത്രം

വല്യമ്മാമന്റെ നിർദ്ദേശപ്രകാരമാണ് പറമ്പിൽ കിണറുകുഴിക്കാൻ തുടങ്ങിയത്. നേരത്തെ അടയാളമിട്ടുവച്ചിരുന്ന സ്ഥലത്ത് കൂലിക്കാർ പണി തുടങ്ങി. വല്യമ്മാമനും കുട്ടിനാരായണനും ശങ്കുവും സ്ഥലത്തുണ്ടായിരുന്നു. കൃഷ്ണൻകുട്ടിയും.

പണിക്കാർ കിളയ്ക്കുന്നതും മണ്ണുമാന്തി പുറത്തേക്കിടുന്നതും നോക്കി വല്യമ്മാമൻ ഉത്സാഹത്തോടെ നിൽക്കുകയായിരുന്നു. കുന്നുകൂടിക്കിടക്കുന്ന മണ്ണിന്നടുത്തേക്ക് പെട്ടന്നദ്ദേഹം പാഞ്ഞു ചെന്നു. കാൽകൊണ്ട് ഒരുഭാഗത്തെ മണ്ണ് ചികഞ്ഞു നോക്കി. കുമ്പിട്ടുനിന്ന് മണ്ണിൽനിന്നും മിന്നുന്ന ഒരു കുഴലുപോലുള്ള സാധനം പുറത്തെക്കെടുത്തു. എല്ലാവരും ആശ്ചര്യത്തോടെ അതിന്റെ നേരെ നോക്കി.

വെറുമൊരു കുഴലായിരുന്നില്ല അത്. അതിന്റെ ഒരറ്റത്തു ചെറിയ പന്തിന്റെ ആകൃതിയിൽ ഒരു ഉണ്ടയും മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. ഉണ്ടയുടെ ഒരറ്റത്തു നിന്നും സാമാന്യം നല്ല വണ്ണത്തിലുള്ള ഒരു കമ്പി കുഴലിന്റെ മറ്റെ അറ്റത്തോടു ഘടിപ്പിച്ചിരുന്നു. കുട്ടിനാരായണൻ ജിജ്ഞാസയോടെ അതിലേയ്ക്ക് നോക്കി. ആ ഉണ്ടയുടെ കീഴ്ഭാഗത്ത് ഏഴുതിവെച്ചിരുന്നു. 'മനസ്സറിയും യന്ത്രം' അവനത് ഉറക്കെ വിളിച്ച പറഞ്ഞു.

മനസ്സറിയും യന്ത്രം കിട്ടിയതോടെ എല്ലാവരുടേയും കള്ളത്തരങ്ങൾ വെളിച്ചത്താവുന്നു. ഉള്ളിലെ കാര്യങ്ങൾ പുറത്തുവരുന്നു. ഈ കഥ മനോഹരമായി പറയുന്ന പുസ്തകമാണ് പി നരേന്ദ്രനാഥിന്റെ മനസ്സറിയും യന്ത്രം. കുട്ടികൾക്ക് വായിച്ച രസിക്കാൻ ലളിതമായ ഭാഷയിൽ എഴുതിയിരിക്കുന്ന ഈ പുസ്തകം വായനയെ വളർത്താൻ ഉതകുന്നതാണ്.

**മിൻഹ**

**9F**

# ഇനിയല്പം
# പാചകമാവാം..



# ജപ്പാൻ ചിക്കൻ...

മൈദയും കോൺ ഫ്ലോറും ചേർത്ത് മാവ് തയ്യാറാക്കി അതിലേക്ക് കുറച്ച് ഉപ്പും കുരുമുളകും ചേർത്ത് മിക്സ് ചെയ്യുക. ഈ മാവിൽ ചിക്കൻ ക്യൂബുകൾ 15 മിനിറ്റ് നേരം മാരിനേറ്റ് ചെയ്ത് വയ്ക്കുക.കശുവണ്ടി എടുത്ത് നന്നായി പൊടിക്കുക.ശേഷം ചീനച്ചട്ടി അടുപ്പിൽ വെച്ച് എണ്ണ ഒഴിച്ച് ചിക്കൻ ഡീപ് ഫ്രൈ ചെയ്യുക. ഇത് അധികം നിറം മാറും മുൻപേ കോരിയെടുക്കുക.മറ്റൊരു പാനിൽ വെണ്ണ ചൂടാക്കി വെളുത്തുള്ളിയും പച്ചമുളകും നന്നായി വഴറ്റിയെടുക്കുക. ഇതിലേക്ക് പാൽ ഒഴിച്ച് നന്നായി ഇളക്കി കൊടുക്കുക. ഇതിലേക്ക് ഉപ്പും കുരുമുളക് പൊടിയും ചേർക്കുക. ശേഷം നേരത്തെ പൊടിച്ചുവെച്ച കശുവണ്ടി പൊടി കൂടി ഇതിലേക്ക് ഇടുക. ക്രീമി പരുവമാകുമ്പോൾ വാങ്ങി വയ്ക്കാം.ഈ ക്രീമി സോസിലേക്ക് വറുത്ത ചിക്കൻ മിക്സ് ചെയ്ത് ചൂടോടെ കഴിക്കാം....

# ബ്രെഡ് ചീസി പാൻ ടോസ്റ്റ്



ബ്രെഡ് 2 സ്ലൈസ് എടുക്കുക. വേണമെങ്കിൽ അരിക് കട്ട് ചെയ്ത് മാറ്റാം. ഒരു ബൗളിൽ മുട്ട പൊട്ടിച്ച് അതിലേക് പഞ്ചസാരയും നുള്ള് ഉപ്പും കാൽ ഗ്ലാസ് പാലും ചേർത്ത് നന്നായി അടിച്ചെടുക്കാം.അതിലേയ്ക്ക് കാൽ സ്പൂൺ ബട്ടറും ചേർക്കാം. ശേഷം പാൻ വച്ച് ചൂടാകുമ്പോൾ ബട്ടർ ചേർത്ത് ഓരോ ബ്രെഡും മുട്ടയിൽ മുക്കി ടോസ്റ്റ് ചെയ്തെടുക്കാം. നല്ല മൊരിച്ചെടുക്കാം. ശേഷം അതിനുമുകളിൽ കുട്ടികൾക്ക് ഇഷ്ടമുള്ള ചീസും ചേർക്കാം. നല്ല രുചിയൂറും ബ്രെഡ് ചീസി പാൻ ടോസ്റ്റ് റെഡി....

# അധിപൻ

നൗഷാദ്
**Office Staff**



അയാളുടെ നോട്ടം കസേരയിലേക്കായിരുന്നു.അയാളുടേത് മാത്രമല്ല, അധികാര മോഹികളായ പലരുടെയും കണ്ണുകൾ ആ കസേരയിലേക്കായിരുന്നു.പരസ്പരം പഴിചാരി അധികാരത്തിന്റെ മൂർദ്ധന്യത്തിലെത്തുവാൻ അവർ മത്സരിച്ചുകൊണ്ടേയിരിക്കുകയാണ്.

മരത്തിന്റെ കസേരയാണെങ്കിലും മരണം വരെ നിശ്ചയിക്കാൻ ആ ജീവനില്ലാത്ത വസ്തുവിന് കഴിയും. അവിടെ എത്തിച്ചേരാൻ സദാചാരത്തിന്റെ വഴികളെക്കുറിച്ച് ചിന്തിച്ചത് കൊണ്ട് കാര്യമില്ലെന്ന് അനുഭവങ്ങൾ അയാളെ പഠിപ്പിച്ചിരുന്നു.

പകൽ വെളിച്ചം കടന്നുവരാത്ത മുറിയിലെ ചുമരിൽ തൂക്കിയിട്ട മഹാത്മാവിന്റെ ഫോട്ടോയിൽ അയാളുടെ നോട്ടം പതിഞ്ഞു.അപ്പോൾ അയാളുടെ മനസ്സിന്റെ പേശികൾക്ക് ബലം വർദ്ധിച്ചു.അയാളിലെ വർഗബോധത്തിനും സമരവീര്യത്തിനും വിജൃംഭനമുണ്ടായി. അങ്ങനെ ഒരുപാട് സ്വപ്നങ്ങൾ കണ്ടാണ് അയാൾ കണ്ണടച്ചത്. ഉറക്കത്തിൽ പലതവണ അയാൾ ഞെട്ടിയുണർന്നു.സത്യത്തെ മറക്കണം. കളവിനെ, കാപട്യം, ചതിയെ, വഞ്ചനയെ ആലിംഗനം ചെയ്യണം. എങ്കിൽ മാത്രമാണ് ആ കസേരയിൽ ഇരിക്കാനാവുക. അയാൾ സത്യത്തെ കാറ്റിൽ പറത്തി .ജനങ്ങൾക്കിടയിൽ വിഭാഗീയതയുടെ വിത്ത് പാകി.

സൂര്യവെളിച്ചത്തിൽ മതേതരത്വവും ചന്ദ്രവെളിച്ചത്തിൽ വിഭാഗീയതയും അയാൾ പ്രസംഗിച്ചു. ആയുധധാരികൾ കാവൽ നിൽക്കുന്ന ലോക്സഭാമന്ദിരത്തിന്റെ ഗേറ്റിനുമുന്നിൽ അയാളും പടയാളികളും സമരമുയർത്തി.തമ്മിലടിക്കാൻ രക്തരൂഷിത കഥകൾ ജനങ്ങൾക്കായി അതിമനോഹരമായി ഉദ്ധരിച്ചു. ചരിത്രത്തിന്റെ വക്താവായി. രാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തെ വർണ്ണിച്ച് അയാൾ ആയുധങ്ങൾ വാങ്ങാനും വിൽക്കാനും മാത്രമായിരുന്നില്ല ഇരുട്ടിന്റെ മറവിൽ മറഞ്ഞിരുന്നത്. ആയുധങ്ങൾ പ്രയോഗിക്കാനും കലാപങ്ങൾ നടത്താനും അവരെ പഠിപ്പിച്ചു.

മരണങ്ങളും കലാപങ്ങളും നാടിനെ അശാന്തിയുടെ ആസ്ഥാനമാക്കി. മനുഷ്യരക്തത്തിൽ ചവിട്ടി അയാൾ അപ്പോഴും പ്രകോപനങ്ങൾ നടത്തിക്കൊണ്ടിരുന്നു.അവസരവാദത്തിന്റെ വക്താവായി അയാളെ കാണാൻആരും തയ്യാറായില്ല. കാരണം മതത്തിന്റെ മർമ്മത്തിൽ ചവിട്ടിയായിരുന്നു അയാളുടെ ചലനങ്ങൾ.കലാപഭൂമിയിൽ ചിരിച്ചുകൊണ്ട് നടന്ന അയാൾ ഒടുക്കം ആ കസേരയുടെ അരികിലെത്തി. അപ്പോഴും ധരണിയിൽ നിണമൊഴുകുകയായിരുന്നു. അയാൾ കസേരയിൽ ഉപവിഷ്ടനായി.

സത്യപ്രതിജ്ഞയിൽ അയാൾ ഉരുവിട്ട വചനങ്ങളെല്ലാം സത്യത്തിന് നിരക്കാത്തതായിരുന്നു. പക്ഷെ ജനങ്ങൾ കൈയ്യടിച്ചു. കൈയ്യടിച്ചുകൊണ്ടേയിരിക്കുന്നു.അന്നും ഇന്നും എപ്പോഴും...





ഹക്കീം ഓടക്കൽ
HSST Chemistry

ഓർമക്കുറിപ്പ്

## ഇതിൻറെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു....

വർഷം1992.31 സംവൽസരങ്ങൾ കഴിഞ്ഞിരിക്കുന്നു.ഞാൻ ഫാറൂഖ് കോളേജിൽ പ്രീഡിഗ്രിക്ക് അഡ്മിഷൻ എടുത്ത സമയം.പ്രീഡിഗ്രി ഫസ്റ്റ് ഇയർ ക്ലാസ്സ് ആണ്.P5.

ഫുട്ബോൾ ഗ്രൗണ്ടിന്റെ പടിഞ്ഞാറുവശത്തുള്ള ബിൽഡിങ്ങിലെ താഴത്തെ നിലയിൽ രണ്ടാമത്തെ ക്ലാസ്സ്.ഡോക്ടർ ആവാനുള്ള ആഗ്രഹത്താൽ സെക്കൻഡ് ഗ്രൂപ്പാണ് തെരഞ്ഞെടുത്തിരിക്കുന്നത്.മുൻ ബെഞ്ചിൽ തന്നെയാണ് സ്ഥാനം.സെക്കൻഡ് ലാംഗ്വേജ് ക്ലാസ്.മലയാളം ഡിപ്പാർട്ട്മെന്റിലെ നസീർ സാർ തകർപ്പൻ ക്ലാസ് എടുക്കുകയാണ്.വൈക്കം മുഹമ്മദ് ബഷീറിൻറെ ബാല്യകാലസഖിയാണ് ഞങ്ങൾക്ക് പഠിക്കാനുള്ളത്.ഇടതുകൈയിൽ ബാല്യകാലസഖി എന്ന ബുക്കും പിടിച്ചുകൊണ്ട് സാർ കത്തിക്കയറുന്നു.സാറിൻറെ വായിൽ നിന്നും വാക്കുകൾ പടാ പടാ ചാടി പുറത്തുവരുന്നു.എന്തൊരു സ്പീഡ്.ഞാൻ അന്തം വിട്ട് ഇരിക്കുകയാണ്.ഇതുപോലൊരു മലയാളം ക്ലാസ് ഞാൻ അതുവരെ കണ്ടിട്ടില്ല....

ഹൈസ്കൂൾ ക്ലാസിൽ പഠിക്കുമ്പോൾ മലയാളം എന്ന വിഷയം ഒരു ബോറൻ സബ്ജക്ട് ആയിരുന്നു.കനകച്ചിലങ്ക കിലുങ്ങി കിലുങ്ങി.പിന്നെ ഗുരു.. ലഘു.. തിരിക്കുക.തുടങ്ങിയ പഴഞ്ചൻ പരിപാടികൾ.ഇടക്ക് സാറിൻറെ വായിൽ നിന്നും വന്ന ഒരു വാക്ക് ഇപ്പോഴും എൻറെ കാതുകളിൽ മുഴങ്ങുന്നു.....

"ബാല്യകാല സഖി ജീവിതത്തിൽ നിന്നും വലിച്ച് ചീന്തിയ ഒരു ഏടാണ്, വക്കിൽ രക്തം പൊടിഞ്ഞിരിയ്ക്കുന്നു."

ഒരു സാഹിത്യകൃതിയെ കുറിച്ച് അതുവരെ കേൾക്കാത്ത വിശേഷണം.സാറിൻറെ ക്ലാസ്സ് ശരിക്കും ത്രില്ലടിച്ചു.ബാല്യകാലസഖി എന്ന ബുക്ക് പെട്ടെന്ന് വാങ്ങിച്ചു.ഒറ്റയിരിപ്പിൽ മുഴുവനും വായിച്ചു തീർത്തു.മജീദും സുഹറയും....

എന്റെ മനസ്സിൽ ഇപ്പോഴും ആ മജീദും സുഹറയും ഒരു കോണിൽ അന്നത്തെപ്പോലെ ഇന്നും ജീവിക്കുന്നു.ഈ നോവലിൽ വർഷങ്ങൾക്കുശേഷം മജീദും സുഹറയും കണ്ടുമുട്ടുന്ന ഒരു രംഗം സുൽത്താൻ വിവരിക്കുന്നുണ്ട്.എൻറെ സങ്കല്പത്തിലെ ആ രംഗം ഇന്നും തിളങ്ങുന്നു.ഒരു വേലിക്കരികിൽ വേലിയും പിടിച്ചുകൊണ്ട് മജീദും അരികെ തട്ടം പിൻ ചെയ്തു വെച്ച് മുഖംകുനിച്ചു നിൽക്കുന്ന സുഹറയും.ഒരിക്കലും മായാത്ത ചിത്രം....

അവിടം മുതൽ മലയാള സാഹിത്യം എൻറെ കൂടെക്കൂടി.ഫാറൂഖ് കോളേജ് ലൈബ്രറിയിൽ നിന്നും എത്രയോ മലയാള സാഹിത്യ ബുക്കുകൾ വായിച്ചിരിക്കുന്നു.ഒരു വിഷയം എങ്ങനെയാണ് പഠിപ്പിക്കേണ്ടത് എന്നും ഒരു അധ്യാപകൻ എങ്ങിനെയാണ് ക്ലാസ്സ് കൈകാര്യം ചെയ്യേണ്ടത് എന്നും സാറിൽ നിന്നും അറിയാതെ പഠിക്കുകയായിരുന്നു.അങ്ങിനെ പഠനകാലത്ത് വഴികാട്ടിയായി ഒരുപാട് ഗുരുക്കന്മാർ....

പ്രിയപ്പെട്ട നസീർ സാർ പിന്നീട് ഫാറൂഖ് കോളേജ് പ്രിൻസിപ്പൽ ആയി.സാറ് ഈ വർഷം വിരമിക്കുന്നു.ഞങ്ങളെ പഠിപ്പിച്ച അധ്യാപകരിൽ ഒരുപക്ഷേ അവസാനത്തെ അധ്യാപകൻ കൂടി ഫാറൂഖ് കോളേജിൽ നിന്നും പടിയിറങ്ങുന്നു.ഇനി ഫാറൂഖ് കോളേജിൽ പോകുമ്പോൾ പരിചിത മുഖങ്ങൾ ഒന്നും തന്നെ ഉണ്ടാവില്ല...

പ്രിയപ്പെട്ട നസീർ സാർ.അങ്ങയുടെ വിദ്യാർത്ഥി ആവാൻ കഴിഞ്ഞതിൽ സൗഭാഗ്യം....
അങ്ങയെ പോലെയുള്ള ഒരുപാട് ഗുരുക്കന്മാരുടെയും.അങ്ങയുടെ റിട്ടയർമെൻറ് ജീവിതം സന്തോഷ സൗഭാഗ്യങ്ങൾ നിറഞ്ഞതാവട്ടെ...

പ്രാർത്ഥനകൾ....

# Little Kites Activities



**അമ്മ അറിയാൻ -മാതൃ ശാക്തീകരണ പരിപാടി**



## പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള കമ്പ്യൂട്ടർ പരിശീലനം



# വെബിനാർ



# സ്കൂളിലെ പ്രധാന പരിപാടികൾ




## കനിവ് പദ്ധതി





# SCILORE SCIENCE FAIR



# HORIGALLU INAUGURATION







## <u>ലഹരി വിരുദ്ധ ക്യാമ്പയിൻ</u>





# സ്നേഹപ്പൂക്കളം






# Say No to Drugs campaign





# SCHOOL ASSEMBLY



കേരള സംസ്ഥാന സ്കൂൾ കലോൽസവം 2023
ഹയർസെക്കൻഡറി വിഭാഗം
ഒപ്പന മത്സരം
കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ
& ഹയർസെക്കൻഡറി സ്കൂളിന്
A Grade
അഭിനന്ദനങ്ങൾ
സ്റ്റാഫ്, പി.ടി.എ, മാനേജ്മെന്റ്
CALICUT GIRLS' VOCATIONAL
& HIGHER SECONDARY SCHOOL


ഹരിത
വിദ്യാലയം
സീസൺ 3
12.02.2023
ഞായറാഴ്ച രാത്രി 7 മണി
കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ
& ഹയർസെക്കൻററി സ്കൂൾ
കൈറ്റ് വിക്ടേഴ്സിൽ
രാത്രി 7 മുതൽ 8 വരെ
പുനഃസംപ്രേഷണം
രാവിലെ 7 മുതൽ 8 വരെ
രാത്രി 6 മുതൽ 7 വരെ
www.kite.kerala.gov.in
KITE VICTERS
KITE VICTERS
Mob App.
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION






# NSS




# SPORTS ACHIEVEMENTS



കാർഷിക ദിനത്തോടനുബന്ധിച്ച
മലയാളം club സംഘടിപ്പിച്ച
കർഷകനുമായുള്ള അഭിമുഖ സംഭാഷണം


വിവരസാങ്കേതിക
വിദ്യയിലൂടെ അറിവിന്റെയും
മാനുഷികതയുടെയും പുതിയ
അധ്യായങ്ങൾ തീർത്ത്
ഉയരങ്ങളിലേക്ക്
കുതിക്കുകയാണ്
ലിറ്റിൽ കൈറ്റ്സ്...
ഒരു പട്ടം പോലെ...

# CALICUT GIRLS VOCATIONAL & HIGHER SECONDARY SCHOOL



# ' അതിജീവനം '

## ഡിജിറ്റൽ മാഗസിൻ